പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ 317 24.06.2013-ൽ മറുപടിക്ക്

## കെ.എസ്.ബി.സി. യുടെ സാമൂഹ്യ സുരക്ഷിതത്വ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. എ. റ്റി. ജോർജ്ജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. സണ്ണി ജോസഫ് | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷിതത്വ പ്രവർത്തനങ്ങൾക്ക് ധനം ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ തുക മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി, 2012-13 സാമ്പത്തിക വർഷത്തിൽ, ടി കോർപ്പറേഷന്റെ ലാഭത്തിൽ നിന്നും 3.50 കോടി രൂപ, ഡി-അഡിക്ഷൻ സെന്ററുകൾക്ക് ധനസഹായം നൽകുന്നതിനായി മാറ്റിവച്ചിട്ടുണ്ട്. |
| (ബി) | സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുന്നതിനായി കെ.എസ്.ബി.സി എന്ത് തുക പ്രതിവർഷം നീക്കിവയ്ക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്; പ്രസ്തുത തുക എന്തെല്ലാം പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നു; | (ബി) | സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റുന്നതിനായി, കെ.എസ്.ബി.സി, 2012-13 സാമ്പത്തിക വർഷത്തിൽ 3.50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 2013-14 സാമ്പത്തികവർഷത്തിലേക്കുള്ള തുക ഇതുവരെ തീരുമാനിച്ചിട്ടില്ല. ധനസഹായം ലഭ്യമാക്കുവാനുള്ള സംഘടനകളെ/സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിലാവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മദ്യാസക്തിക്ക് അടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനുള്ള ചെലവ് പ്രസ്തുത തുകയിൽനിന്ന് നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഉണ്ട്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ഇക്കാര്യത്തിലാവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ